"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

നികുതി വകുപ്പ് -ജീവനക്കാര്യം - ശ്രീ.ഷമീർ. കെ, ഗ്രേഡ് 2 ഡ്രൈവർ, കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡ് - കേരള സംസ്ഥാന ബിവറേജസ് കോർപ്പറേഷനിലെ അന്യത്ര സേവന കാലാവധി ദീർഘിപ്പിക്കുന്നത് - അനുമതി നൽകി ഉത്തരവാകുന്നു.

---

**നികുതി (എ) വകുപ്പ്**

സ.ഉ.(സാധാ) നം.655/2024/TAXES തീയതി,തിരുവനന്തപുരം, 25-07-2024

---

പരാമർശം:-

1. 23.11.2022 ലെ സ.ഉ (സാധാ) 906/2022/നികുതി.
2. ശ്രീ.ഷമീർ കെ 27.11.2023 ൽ സമർപ്പിച്ച അപേക്ഷ.
3. കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡ് സെക്രട്ടറിയുടെ 24.11.2023 ലെ CC/E3/DR/30.S/1202 നമ്പർ നിരാക്ഷേപ സാക്ഷ്യപത്രം
4. കെ.എസ്സ്.ബി.സി ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ 01.04.2024 ലെ 8919/AS2/EXT/KSBC/2023 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡ് കോഴിക്കോട് റീജിയണൽ ഓഫീസിലെ ഗ്രേഡ് 2 ഡ്രൈവർ ശ്രീ.ഷമീർ.കെ-ക്ക് കേരള സംസ്ഥാന ബിവറേജസ് കോർപ്പറേഷന്റെ ഔട്ട് ലെറ്റിൽ ഓഫീസ് അറ്റൻഡന്റ്/ഷോപ്പ് അറ്റൻഡന്റ് തസ്തികയിൽ അന്യത്ര അനുവദിച്ച് പരാമർശം 1 പ്രകാരം ഉത്തരവായിരുന്നു. പ്രസ്തുത അന്യത്ര സേവനം 05.12.2023-ൽ പൂർത്തിയായതിനാൽ ഒരു വർഷത്തേയ്ക്കു കൂടി ദീർഘിപ്പിച്ച നൽകണമെന്ന് ശ്രീ.ഷമീർ. കെ പരാമർശം 2 പ്രകാരം അപേക്ഷിച്ചിട്ടുണ്ട്. ടിയാന്റെ അന്യത്ര സേവന കാലാവധി ദീർഘിപ്പിക്കുന്നതിന് കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡ് സെക്രട്ടറി പരാമർശം 3 പ്രകാരം നിരാക്ഷേപ സാക്ഷ്യപത്രം നൽകിയിട്ടുണ്ട്. ശ്രീ.ഷമീർ. കെ-യുടെ അന്യത്ര സേവന കാലാവധി 06.12.2023 മുതൽ 1 വർഷം കൂടി ദീർഘിപ്പിച്ച നൽകാവുന്നതാണെന്ന് ബിവറേജസ് കോർപ്പറേഷൻ ചെയർമാൻ & മാനേജിംഗ് ഡയറക്ടർ പരാമർശം 4 പ്രകാരം ശുപാർശ ചെയ്തിട്ടുണ്ട്.

2) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡ് കോഴിക്കോട് റീജിയണൽ ഓഫീസിലെ ഗ്രേഡ് 2 ഡ്രൈവർ ശ്രീ.ഷമീർ.കെ-യുടെ കേരള സംസ്ഥാന ബിവറേജസ് കോർപ്പറേഷനിലെ ഓഫീസ് അറ്റൻഡന്റ് /ഷോപ്പ് അറ്റൻഡന്റ് തസ്തികയിലേക്കുള്ള അന്യത്ര സേവന കാലാവധി 06.12.2023 മുതൽ ഒരു വർഷത്തേയ്ക്കോ, പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖാന്തിരം നിയമനം നടക്കുന്നതുവരെയോ ഏതാണോ ആദ്യം അതുവരെ എന്ന ക്രമത്തിൽ ദീർഘിപ്പിക്കുന്നതിന് ബിവറേജസ് കോർപ്പറേഷൻ ചെയർമാൻ & മാനേജിംഗ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ്

പുറപ്പെടുവിക്കുന്നു. ബിവറേജസ് കോർപ്പറേഷൻ ജീവനക്കാർക്ക് നൽകുന്ന പെർഫോമെൻസ് ഇൻസെന്റീവ്/എക്സ്ഗ്രേഷ്യ-യ്ക്ക് ശ്രീ.ഷമീർ.കെ അർഹനാകുന്നതല്ല. 06.12.2023 മുതൽ ഒരു വർഷം തികയുന്ന/പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖാന്തിരം നിയമനം നടക്കുന്ന മുറയ്ക്ക് ടി ജീവനക്കാരനെ മാതൃവകുപ്പിലേയ്ക്ക് ബിവറേജസ് കോർപ്പറേഷൻ ചെയർമാൻ & മാനേജിംഗ് ഡയറക്ടർ വിടുതൽ ചെയ്യേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ചന്ദ്രഗോപൻ എസ്
അണ്ടർ സെക്രട്ടറി

പകർപ്പ്

1) ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, തിരുവനന്തപുരം.

2) സെക്രട്ടറി, കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡ്, അഡ്മിനിസ്ട്രേറ്റീവ് ഓഫീസ്, ഡോർ നമ്പർ 30/1521-A, പൊന്നുരുന്നി, വയറ്റില -682 019.

3) ബന്ധപ്പെട്ട ജീവനക്കാരന് (ചെയർമാൻ & മാനേജിംഗ് ഡയറക്ടർ ചെയർമാൻ & മാനേജിംഗ് ഡയറക്ടർ മുഖാന്തിരം)

4) അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.

5) അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം.

6) പൊതുമരാമത്ത് വകുപ്പ് (2821516/PWD-B1/94/2024/PWD പ്രകാരം)

7) വെബ്ബ് ആന്റ് ന്യൂ മീഡിയ

8) ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ (എ2/119/2024-നികുതി)

ഉത്തരവിൻ പ്രകാരം

Signed by
Jagadish Babu.M
സെക്ഷൻ ഓഫീസർ
Date: 25-07-2024 10:37:21